**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ ഹരിശങ്കർ വി-യ്ക്ക് വിദേശത്ത് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ 3088/2015/തസ്വഭവ — തിരുവനന്തപുരം, തീയതി 08/10/2015

---

പരാമർശം: 1) സർക്കുലർ നമ്പർ 18326/എ.ആർ.14(1)/2011/ഉഭപവ തീയതി 29.10.2012

2) ശ്രീ ഹരിശങ്കർ വി, ക്ലാർക്ക്, വെങ്ങോല ഗ്രാമപഞ്ചായത്ത്, എറണാകുളം 20.07.2015 ൽ സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 04.09.2015 ലെ ഇ 6-29702/15 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ ഹരിശങ്കർ വി-യ്ക്ക് കെ. എസ്. ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം യൂറോപ്യൻ യൂണിയന്റെ പഠന സംരംഭമായ ERASMUS MUNDUS സംഘടിപ്പിക്കുന്ന International Master of Science in Environmental Technology and Engineering എന്ന കോഴ്സ് പഠിയ്ക്കുന്നതിനായി ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3 ലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും പരാമർശം 1 പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ ഹരിശങ്കർ വി-യ്ക്ക് 01.10.2015 മുതൽ 30.09.2017 വരെ കെ.എസ്. ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം വിദേശത്ത് പഠനാവശ്യത്തിനായി ശൂന്യവേതാനാവധിയനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ വി**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, വെങ്ങോല ഗ്രാമപഞ്ചായത്ത്, വെങ്ങോല പി.ഒ, എറണാകുളം
ശ്രീ.ഹരിശങ്കർ വി, ക്ളാർക്ക്, വെങ്ങോല ഗ്രാമപഞ്ചായത്ത്, വെങ്ങോല പി.ഒ ,എറണാകുളം.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പിന് ( 23.09.2015 ലെ 124338/റൂൾസ്-ബി2/15/ധന നമ്പർ കുറിപ്പ് പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ